# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *24 28.01.2019-ൽ മറുപടിക്ക്

## ക്രമസമാധാനം ഉറപ്പ് വരുത്തുന്നതിന് നടപടി

ശ്രീ. റോജി എം. ജോൺ
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. അടൂർ പ്രകാശ്
ശ്രീ.ഷാഫി പറമ്പിൽ

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് ആക്രമണം നടത്തുന്നവർക്കെതിരെയും വിധ്വംസക പ്രവർത്തനങ്ങൾ അഴിച്ചു വിടുന്നവർക്കെതിരെയും ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും ജനങ്ങളുടെ സ്വൈരജീവിതവും ക്രമസമാധാനവും ഉറപ്പ് വരുത്തുന്നതിനും പോലീസിന് സാധിക്കാതെ വന്നു എന്ന ആക്ഷേപം ഉയർന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് ആക്രമണം നടത്തുന്നവർക്കെതിരെയും വിധ്വംസക പ്രവർത്തനങ്ങൾ അഴിച്ചു വിടുന്നവർക്കെതിരെയും ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും ജനങ്ങളുടെ സ്വൈരജീവിതവും ക്രമസമാധാനവും ഉറപ്പ് വരുത്തുന്നതിനും അക്രമം കാട്ടുന്നവരെ അടിച്ചമർത്തുന്നതിനും പോലീസിന് സാധിച്ചിട്ടുള്ളതാണ്. മറിച്ചുള്ള ആരോപണം അടിസ്ഥാനരഹിതമാണ്.

(ബി) ശബരിമലയിലെ യുവതീപ്രവേശത്തെ തുടർന്ന് സംസ്ഥാനത്ത് വ്യാപകമായ തോതിൽ ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകരും സി.പി.എം. പ്രവർത്തകരും അക്രമം അഴിച്ചു വിടുന്നും ജനപ്രതിനിധികളുടെ വീടുകൾക്ക് നേരെയും ആരാധനാലയങ്ങൾക്ക് നേരെയും അക്രമം ഉണ്ടായ സാഹചര്യവും സർക്കാർ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ശബരിമല യുവതി പ്രവേശത്തോട് അനുബന്ധിച്ച് സംഘപരിവാർ സംഘടനകൾ പല സംഘടനാ പേരുകളിലായി നാട്ടിൽ അക്രമം അഴിച്ച് വിട്ടതിന്റെ ഭാഗമായി ജനപ്രതിനിധികളുടെ വീടിനുനേരെയും ആരാധനാലയങ്ങൾക്ക് നേരെയുണ്ടായ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 13 കേസ്സുകൾ രജിസ്റ്റർ ചെയ്ത് കർശനമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) സംസ്ഥാനത്ത് നടന്ന അക്രമങ്ങളുടെ അടിസ്ഥാനത്തിൽ ഗവർണർ സംസ്ഥാന സർക്കാരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ; | (സി) ആവശ്യപ്പെട്ടിരുന്നു. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗവർണർ ഇപ്രകാരം റിപ്പോർട്ട് ആവശ്യപ്പെടുകയോ സംസ്ഥാന പോലീസ് മേധാവിയെ വിളിച്ച് വിശദീകരണം ആരായുകയോ ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര തവണ എന്ന് അറിയിക്കാമോ; | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹു. കേരളാ ഗവർണർ ആവശ്യപ്പെട്ട പ്രകാരം സംസ്ഥാന പോലീസ് മേധാവി മൂന്ന് പ്രാവശ്യം ബഹു. കേരള ഗവർണറെ സന്ദർശിക്കുകയുണ്ടായി. |
| (ഇ) പോലീസ് സ്റ്റേഷന് നേരെ നടന്ന ബോംബ് ആക്രമണ കേസിലെ പ്രതിയെ അറസ്റ്റ് ചെയ്യുന്നതിന് കഴിയാത്ത സാഹചര്യം സംസ്ഥാനത്തെ ക്രമസമാധാന തകർച്ചയുടെ സൂചനയാണോ എന്ന് വ്യക്തമാക്കുമോ; | (ഇ) അക്രമസംഭവങ്ങൾ ഉണ്ടായ സന്ദർഭങ്ങളിൽ ശക്തമായ നടപടി സ്വീകരിക്കുകയും സമാധാനപരമായ ജനജീവിതം ഉറപ്പുവരുത്തുകയും ചെയ്ത് വരുന്നു. സംസ്ഥാനത്തിന്റെ ക്രമസമാധാന നില തികച്ചും ഭദ്രമാണ്. |
| (എഫ്) ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് ഉതകുന്ന രീതിയിൽ സംസ്ഥാനത്തെ പോലീസ് സംവിധാനത്തെ ഉടച്ച് വാർക്കുന്നതിനും അക്രമികൾക്കെതിരെ മുഖം നോക്കാതെ കർശന നടപടി സ്വീകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (എഫ്) നിയമവിരുദ്ധ നടപടികൾക്കെതിരെ കർശന നിയമ നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നത്. |

**സെക്ഷൻ ഓഫീസർ**